# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 11)1543/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 11)1543/2023 തീയ്യതി: 04/11/2023

## തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-12-2022 മുതൽ 02-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 12-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 12-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ബേബി പി വി,ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രവിദ പി എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ കെ സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി പി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ജോൺ പി.ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സെറീന | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അഭിമന്യ ടി.ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| സുജയ എ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| നിത . കെ.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീജ.വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ഹേന ജോയ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സുഹാസ് നാരായണൻ പി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സിന്ധു | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| നിർമ്മലദേവി.പി.സി | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| രശ്മി . എസ്. നായർ | വി ഇ ഒ (കണ്ണാറ സർക്കിൾ) | 01-04-2022 | 08-05-2022 |
| സിബി തോമസ് | വി ഇ ഒ (കണ്ണാറ സർക്കിൾ) | 09-05-2022 | 31-03-2023 |
| നിജു ജോസ് . എ | വി ഇ ഒ (വാണിയംപാറ സർക്കിൾ) | 01-04-2022 | 08-05-2022 |
| ശ്രാവൺ എസ് | വി ഇ ഒ (വാണിയംപാറ സർക്കിൾ) | 09-05-2022 | 31-03-2023 |
| ഷീജ എം.എസ് | വി ഇ ഒ (പട്ടിക്കാട് സർക്കിൾ) | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-3 |
| 5 | "Directly Debited By Bank"-വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-4 |
| 6 | വസ്തു നികുതി - റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതി മുൻകൂർ - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-12 |
| 14 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-13 |
| 15 | തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-16 |
| 18 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-17 |
| 19 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ | 1-1-18 |

| | | |
|---|---|---|
| | ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല | |
| 20 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | ഫണ്ട് വിനിയോഗം | 1-3 |
| 24 | പദ്ധതി അവലോകനം | 1-4 |
| 25 | ക്ഷേമപെൻഷനുകൾ | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 29 | നികുതി-നികുതിയേതര വിഭവ സമാഹരണം - അവലോകനം | 1-9 |
| 30 | ലേലം ഡെപ്പോസിറ്റ് ഹെഡിൽ ഒടുക്കിയ തുക വരവ് ഹെഡിലേക്ക് ക്രമീകരിക്കേണ്ടതാണ്. | 1-10 |
| 31 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ നിന്നും വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-11 |
| 32 | തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-12 |
| 33 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- അപാകതകൾ | 1-13 |
| 34 | സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-14 |
| 35 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-15 |
| 36 | ക്രമവത്ക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ-കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 37 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-17 |
| 38 | നിയമാനുസൃത കെട്ടിടങ്ങൾക്കു നൽകുന്ന പോലെയുള്ള കെട്ടിട നമ്പർ അനധികൃത കെട്ടിടങ്ങൾക്കു നൽകി | 1-18 |
| 39 | അനധികൃത ഫാമുകൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 40 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-20 |
| 41 | ഭവനനിർമ്മാണം-പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 42 | വീട് വാസയോഗ്യമാക്കൽ -പൂർത്തീകരിച്ചിട്ടില്ല. | 1-22 |
| 43 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്നു തുക തിരികെ അടവാക്കി. | 1-23 |
| 44 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-24 |

| | | |
|---|---|---|
| 45 | ഗവ.ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-25 |
| 46 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1-26 |
| 47 | മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-27 |
| 48 | മെഡിക്കൽഓഫീസർ പി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-28 |
| 49 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1-29 |
| 50 | അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-30 |
| 51 | കോക്ലിയാർ ഇംപ്ലാന്റേഷൻ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-31 |
| 52 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല -507897 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 53 | സാക്ഷരതാ തുല്യതാ പദ്ധതി- പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-33 |
| 54 | ബാലസഭാ പ്രവർത്തനങ്ങൾ-25800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 55 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ | 1-35 |
| 56 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ്.സി)-വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു. | 1-36 |
| 57 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ - വിതരണം ചെയ്ത രേഖകൾ ഹാജരാക്കിയിട്ടില്ല. 111420 രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| 58 | വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-38 |
| 59 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-39 |
| 60 | ഓണറേറിയം നൽകിയത്- റിസോഴ്സ് പേഴ്സൺ / കമ്മ്യൂണിറ്റിവിമൻ ഫെസിലിറ്റേറ്ററെ നിയമിച്ചത് -നിയമനരേഖകൾഹാജരാക്കിയിട്ടില്ല | 1-40 |
| 61 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം -പട്ടികജാതി വകുപ്പിൽ നിന്നും ലാപ്പ്ടോപ്പ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-41 |
| 62 | പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം -പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലാപ് ടോപ്പ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-42 |
| 63 | ഗോത്ര സാരഥി പദ്ധതി -സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ ചെലവു തുക 479313 /-രൂപ തടസ്സപ്പെടുത്തുന്നു | 1-43 |

ഭാഗം **2**

--- No Records Found ---

| ഭാഗം **3** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 തീയതിയിലെ 2(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 04.11.2023

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14776149/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -(31305656)/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുംപ്രകാരം “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| BANK,Account No. | തുക |
|---|---|
| LGTSB OWN FUND(0620) | 54449 |
| PSCB OWN FUND(3980) | 3372 |
| SBT E PAYMENT(70008) | 152879 |
| SBI OWN FUND (538) | 160426 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-1-4 “Directly Debited By Bank”-വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

“Directly Debited By Bank” എന്ന ഇനത്തിൽ താഴെ പറയുംപ്രകാരം തുക ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| Bank | തുക |
|---|---|
| PSCB OWN FUND(3980) | 20045 |
| SBT E PAYMENT(70008) | 125987 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

1-1-5 വസ്തു നികുതി - റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള

വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരി ക്കേണ്ടതാണ്.

1) റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4442877 | 4382996 | 30785 | 35569 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4442877 | 4376523 | 30785 | 35569* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

1-1-6 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5853536 | 5495664 | 45243 | 317818 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5853536 | 5490475 | 45243 | 317818* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

1-1-7 വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 241604 | 891651 | 54151 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *231170 | 187453 | **54197 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (142855+ 99874 =242729/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (56907 X 100/105)=54197 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

ഡിമാന്റ്, കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-8 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 584927 | 301815 | 0 | 283188 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *587590 | 301739 | 0 | **283229 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(246599 + 370370= 1616969/105*100) =587590 | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | | **(297390/105X100)=283229, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ്, കളക്ഷൻ എന്നീ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-9 വസ്തു നികുതി മുൻകൂർ - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 134259 | 156447 |
| 2 | 350410104-Advance Collection Of Revenues – Property Tax On Non-Residential Building | 36970 | 83585 |

### 1-1-10 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 401 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകൾ ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ

രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-12 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി , വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4 വാടക രജിസ്റ്റർ

5 ലേലം രജിസ്റ്റർ

6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-1-13 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500201/ 460500202/460500206-Advance To Implementing Agencies" എന്ന ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽ നിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് മാത്രം അതത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. തെറ്റായി രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 1 | 127/23-വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | 137098 | 251200001 | 460500202-Advance To Implementing Agencies-Deposit With KSEB |
| 2 | 6/23 Street Main Extension | 86975 14098 | 415100002 | 460500202-Advance To Implementing Agencies-Deposit With KSEB |

| | | | | |
|---|---|---|---|---|
| 3 | 352 EXTREME POVERTY ERADICATION PROGRAMME MEDICINES DISTRIBUTION | 103123 | 251110012 | മരുന്ന് പൂർണമായും ലഭ്യമായിട്ടില്ലാത്തതിനാൽ ബാക്കി തുക ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ" ശീർഷകം |

1-1-14 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്യാഷ് ബുക്ക് പ്രകാരം ചെലവ് | വാർഷിക കണക്ക് പ്രകാരം ചെലവ് (I-6) |
|---|---|
| 44225126 | 44385259 |

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 461379/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | തുക |
|---|---|
| ചാലാംപാടം ലിങ്ക് റോഡ് കോൺക്രീറ്റ് | 461379/- |

ഈ തുക തെറ്റായി റവന്യുവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 461379/-രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 461379/-രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

1-1-15 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7.)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-16 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2023 ൽ ബാക്കിയുള്ള തുകയുടെ കൃത്യത പരിശോധിയ്ക്കാൻ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-1-17 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income” , “190000000-Prior Period Expenditure” എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ

ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18 & 1-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 8354 |
| 190100102-Prior Period Income -Profession Tax | 15100 |
| 190200201-Prior Period Income -License Fees | 6400 |
| 190200101-Prior Period Income -Rent From Buildings | -436740 |
| 290800201-Prior Period Expenses-administrative Expenses | -115930 |

## 1-1-18 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല.

| ക്രമനമ്പർ | ശീർഷകം | B4 Schedule | B17 Schedule |
|---|---|---|---|
| 1 | SBI Literacy | - | 223631 |
| 2 | SBI MNLeksham | - | 102125 |
| 3 | KGB-Jalanidhi | - | 11061 |

## 1-1-19 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 Secured Loan From Banksപ്രകാരം 62,96,027/- രൂപ വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-1-20 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വസ്തുനികുതി ഇനത്തിലും വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ സംശയാസ്പദമായ തുക കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല,

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30.03.2022, തീരുമാനം നം.2[2] | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 39,18,07,000 | 39,43,77,000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30.03.2023, തീരുമാനം നം. 3[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 37,02,26,400 | 38,35,93,667 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 56371000 | 56371000 | 51271435 | 5099565 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 9636000 | 9636000 | 8676216 | 959784 |
| വികസന ഫണ്ട്- ടി.എസ്.പി | | 3336638 | 3336638 | 3336638 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 19297000 | 19297000 | 16154257 | 3142743 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10274000 | 10274000 | 8232843 | 2041157 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 23537954 | 23537954 | 10986582 | 12551372 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( അടിസ്ഥാന ഗ്രാന്റ് ) | 0 | 9995000 | 9995000 | 7869374 | 2125626 |
| Health Grant -Diagonostic Infrastructure | 0 | 291892+3221 (പലിശ) | 295113 | 174721 | 120392 |
| Health Grant -Wellness Centres | 0 | 115897+1381 (പലിശ) | 117278 | 0 | 117278 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മേൽ ചേർത്തിട്ടുള്ള സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുകകൾ വാർഷിക

കണക്കുമായി പൊരുത്തപ്പെടുന്നില്ല. വികസന ഫണ്ട് – ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയുടെ വരവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് മുമ്പുള്ള തുകയല്ല ചേർത്തിരിക്കുന്നത്. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന, മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരുപ്പുമായി ബന്ധപ്പെട്ട വിനിയോഗവിവരം പരിശോധിക്കാനുള്ള രേഖകൾ ലഭ്യമായില്ല. Health Grant-diagonostic Infrastructure ഗ്രാന്റിൽ നിന്നും 68296/- രൂപ Wellness പ്രോഗ്രാമിനായി ചെലവ് ചെയ്തിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 333 | 215502996 | 242 | 133287383 | 61.85 | 72.67 |

## 1-5 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 75,35,000 | 600 |
| വിധവാ പെൻഷൻ | 2,76,09,100 | 2344 |
| വാർദ്ധക്യകാല പെൻഷൻ | 4,87,31,600 | 4305 |
| വികലാംഗ പെൻഷൻ | 69,65,400 | 569 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ ക്കുള്ള പെൻഷൻ | 17,69,400 | 151 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,00,000 | 10 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | 1072693 | 1072693 | 1072693 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35636904 | 35636904 | 35636904 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 7515529 | 7515529 | 7515529 | 0 |
| ആകെ | - | 44225126 | 44225126 | 44225126 | 0 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-09-2023 തീയതിയിൽ 2:40 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14454/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി-നികുതിയേതര വിഭവ സമാഹരണം - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നൽകുകയോ ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല. എന്നാൽ വസ്തു നികുതി പിരിവിന്റെ ഡിമാന്റ്, പിരിവ് അവലോകന യോഗം രണ്ട് അർദ്ധ വർഷത്തിലും നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യുന്നില്ല.

തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്. പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വസ്തുനികുതി

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. 14.09.23 ൽ ചേരാൻ പോകുന്ന ഭരണസമിതി യോഗത്തിലെ തീരുമാനത്തിനു വിധേയമായി അന്തിമവിജ്ഞാപനം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പുതിയ വസ്തുനികുതി നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തുകയോ, പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കി തുടങ്ങുകയോ ചെയ്തിട്ടില്ല. 2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2013 വസ്തു നികുതി പരിഷ്കരണത്തിനുശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ റോഡിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി കണ്ടെത്തിയിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണം നടത്തുന്നതിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. ആയതിന് തുടർനടപടി സ്വീകരിക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പറുകൾ നല്കിയതായും കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപനപ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻതോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല

പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സ.ഉ (അ) നമ്പർ 36/2015/തസ്വഭവ. തീയതി 24/02/2015 പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ , വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് (അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ), ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗ ഗണങ്ങളിലുള്ള കെട്ടിടങ്ങൾക്കും, സ.ഉ. 53/2020 ത.സ്വ.ഭ. വ. തീയതി 08.09.2020 പ്രകാരമുള്ള റെസിഡൻഷ്യൽ ഹോംസ്റ്റേകൾക്കുള്ള വസ്തു നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രെയിനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കുന്നവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനുമതി നല്കിയിട്ടില്ല. കൂടാതെ പ്രദർശന വിപണന മേളകൾ പഞ്ചായത്തിൽ നടത്തപ്പെടുന്നില്ല. ടർഫ് കോർട്ട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പീച്ചി ഡാം സ്ഥിതി ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിലാണ്. എന്നാൽ വിനോദനികുതി ഇനത്തിൽ നിലവിൽ വരുമാനം ലഭിക്കുന്നില്ല. മേൽ സൂചിത ഇനങ്ങളിൽ നിന്നും വിനോദസഞ്ചാരസാധ്യതകൾ ഉള്ള സ്ഥലങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടില്ല.

നികുതിയേതര വരവുകൾ

1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാർഡ് 3, 4, 7 എന്നിവയിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടകയിനത്തിൽ വരവുണ്ട്. വാടക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സർക്കാർ അംഗീകൃത ബൈലോ ഇല്ല. തൻവർഷത്തേയും കുടിശ്ശികയും ഉൾപ്പടെ 927482 രൂപ വാടക കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്.

2) ട്രേഡേഴ്സ് ലിസ്റ്റിൽ തൻവർഷം ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം മാത്രമാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായിക കെട്ടിടങ്ങളും ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പിക്കാൻ സാധ്യമല്ല.

മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ലേലം ഡെപ്പോസിറ്റ് ഹെഡിൽ ഒടുക്കിയ തുക വരവു ഹെഡിലേക്ക് ക്രമീകരിക്കേണ്ടതാണ്.

1) പട്ടിക്കാട് ഗവൺമെന്റ് എൽ പി സ്കൂളിന്റെ 5 ക്ലാസ്സ് മുറികൾ പൊളിക്കുന്നതിന് 9.03.23 തിയതിയിൽ ലേലം ചെയ്തതിൽ ഉയർന്ന തുകയായ 210900 രൂപയ്ക്കു ലേലം കൊണ്ട ഡിക്സൺ വർഗ്ഗീസ് എന്നയാളുടെ ലേലം

15.03.23 തിയതിയിലെ ഭരണസമിതി 2(1) തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. ലേലത്തുകയായ 210900 രൂപയും GSTയും ടിയാൻ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ലേലത്തുക ലേല ഡെപ്പോസിറ്റ് ബാധ്യതശീർഷകത്തിലാണ് ഒടുക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതു നമ്പർ/ തിയതി | തുക | തുക ഒടുക്കിയ ശീർഷകം | ഹെഡ് കോഡ് |
|---|---|---|---|
| 1220109423/10.03.23 | 50000 | Auction Deposit | 340200102 |
| 1220111180/30.03.23 | 160900 | Auction Deposi | 340200102 |

ബാധ്യത ശീർഷകത്തിൽ അടവാക്കിയ ലേലത്തുക വരവ് ഹെഡിലേക്ക് ക്രമീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ 21/12.09.23)

2) ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന മണലിപ്പുഴയിൽ നിന്നും പ്രളയാനന്തരമുണ്ടായ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ടതിനാൽ മാലിന്യങ്ങൾ ജില്ലാ കലക്ടറുടെ നിർദ്ദേശപ്രകാരം ഇറിഗേഷൻ വകുപ്പ് നീക്കം ചെയ്യുകയും, ആയതു പ്രകാരം ലഭിച്ച 1900 ക്യൂബിക്ക് മീറ്റർ സിൽട്ട് 677.38രൂ/m3 രൂപയായി മൂല്യനിർണ്ണയം നടത്തുകയും, ലേലം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിരുന്നു. ടി 1900 ക്യൂബിക്ക് മീറ്റർ സിൽട്ട് 24.08.22 ന നടത്തിയ ലേലത്തിൽ 1250000 രൂപക്കു ലേലം വിളിച്ച ഷാബു വി.കെ, വട്ടപ്പിള്ളി ഹൗസ്, കല്ലൂർ എന്നയാളുടെ ലേലം 31.08.22 തിയതിയിലെ 2(1) ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ലേലത്തുകയിൽ നിന്നും 18000/- രൂപ കുറവാണ് വരവ് ബുക്ക് ചെയ്തിട്ടുള്ളത്. ടിയാൻ ലേലത്തിൽ പങ്കെടുക്കുന്നതിന് 340200102 – Auction Deposit എന്ന ശീർഷകത്തിൽ അടവാക്കിയ 18000 രൂപ (രസീതു നമ്പർ- 1220102642/24.08.22) വരവായി ക്രമീകരിച്ചിട്ടില്ല. 18000 രൂപ വരവു ശീർഷകത്തിലേക്ക് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 28/11.09.23).

## 1-11 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ നിന്നും വാടക ഈടാക്കുന്നതിലെ അപാകതകൾ

1. പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സുകളിലെ 40 മുറികൾ വാടകക്കു നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കിയിട്ടില്ല. 2017 ലെ CGST/SGST ആക്റ്റിലെ ഷെഡ്യൂൾ II ക്രമ നമ്പർ 5(എ) പ്രകാരം സ്ഥാവര വസ്തുക്കളുടെ വാടക ജി.എസ്.ടി.യുടെ പരിധിയിൽ വരുന്നതാണ്. വാണിജ്യാവശ്യങ്ങൾക്കുള്ള വസ്തുവകകളിൽ നിന്നുള്ള വാടകയിന ത്തിനുള്ള GSTയുടെ നിലവിലെ നിരക്ക് 18% ആണ്. വാടക കെട്ടിടങ്ങളിൽ നിന്നും GST ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5, 6, 7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്.

3. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 1132621 രൂപ വാടക കുടിശ്ശികയുണ്ട്. എന്നാൽ തൻവർഷത്തെ രജിസ്റ്റർ പ്രകാരവും അക്കൗണ്ട്സ് പ്രകാരവും കുടിശ്ശിക ഡിമാന്റ് 695881 രൂപ എന്നാണ് ചേർത്തിട്ടുള്ളത്. 436740 രൂപയുടെ വ്യത്യാസം കുടിശ്ശിക ഡിമാന്റിൽ കാണുന്നു. Rent Receivables Arrear ലെഡ്ജർ പരിശോധിച്ചതിൽ 436740 രൂപ ജേണൽ വൗച്ചർ മുഖേന Prior Period Income ഹെഡിലേക്ക് മാറ്റിയിട്ടിട്ടുണ്ട്. ഡിമാന്റിൽ കുറവ് ചെയ്യുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (എൻക്വയറി നമ്പർ-3/05.09.23) മറുപടി ലഭ്യമാക്കിയില്ല.

## 1-12 തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1) ചെന്നായ്പ്പാറ ആലുമുക്ക് റോഡിലെ വിവിധ പ്രവർത്തികളുടെ ഭാഗമായി കൂട്ടിയിട്ട മണ്ണ് ലേലം ചെയ്യുന്നതിന് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ വാല്വേഷൻ ലഭ്യമാക്കിയതു പ്രകാരം മണ്ണ് ലേലം ചെയ്ത് വിൽക്കുന്നതിന് 29/07/22 തിയതിയിലെ 13/4 നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്.

2) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച വാർഡ് 2ലെ വടക്കുമ്പാടം ശ്മശാനം റോഡ് മെയിന്റനൻസ് പദ്ധതി (നം 280/23) പ്രകാരം ലഭ്യമായ 41.21 ക്യൂബിക്ക് മീറ്റർ മണ്ണിന് 229.77 രൂപ /ക്യു.മീ ആയി 9468.22 രൂപ വാല്വേഷൻ നിർണ്ണയിച്ച് ലേലനടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്.

ലേലനടപടികൾ സ്വീകരച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( എൻക്വയറി നമ്പർ 8/7.09.23 &28/11.09.23) മറുപടി ലഭ്യമാക്കിയില്ല. മണ്ണ് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് തുക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സഞ്ചയ പ്രകാരമുള്ള ആകെ വാണിജ്യ-വ്യാവസായിക കെട്ടിടങ്ങളുടേയും ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| സഞ്ചയ പ്രകാരമുള്ള വാണിജ്യ-വ്യാവസായിക കെട്ടിടങ്ങളുടെ എണ്ണം | 2022-23 വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 2721 | 147 | 689 |

ട്രേഡേഴ്സ് ലിസ്റ്റിൽ തൻവർഷം ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം മാത്രമാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. അതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായിക കെട്ടിടങ്ങളും ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പിക്കാൻ സാധ്യമല്ല. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായിട്ടുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്താണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടിയിരുന്നത്.

ഗ്രാമപഞ്ചായത്തിൽ സഞ്ചയപ്രകാരം ആകെ 2271 വാണിജ്യ-വ്യാവസായിക കെട്ടിടങ്ങളാണ് ഉള്ളത്. 689 സ്ഥാപനങ്ങൾക്കു മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ചില സ്ഥാപനങ്ങൾ ഒന്നിലധികം കെട്ടിട നമ്പറുകളിൽ പ്രവർത്തിക്കുന്നുണ്ട്. 147 കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതിനാൽ നികുതിയിളവും നൽകിയിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചാലും ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് അനുവദിക്കപ്പെട്ട വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായിട്ടുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാണിജ്യ-വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) ഗ്രാമപഞ്ചായത്തിന്റെ വാർഡ് 3 ലെ ഷോപ്പിംഗ് കോംപ്ലക്സിലെ 253,876A,877,878,880,881,882,883,884,885, 886, 887, 888, 889A, 890, 892, 893, 895, 896, 897, 898, 1034, 1035 എന്നീ നമ്പറുകളിലുള്ള മുറികളും വാർഡ് 4 ഷോപ്പിംഗ് കോംപ്ലക്സിലെ 8D, 8E,11 എന്നീ നമ്പറുകളിലുള്ള മുറികളും വാർഡ് 8 ലെ ഷോപ്പിംഗ് കോംപ്ലക്സിലെ 375, 379 നമ്പറുകളിലുള്ള മുറികളും വാടകയ്ക്കു നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് ടി മുറികളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ-18/12.09.23)

## 1-14 സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ.ഉ (അ) നമ്പർ 36/2015/തസ്വഭവ. തീയതി 24/02/2015 പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് കുറഞ്ഞത് 30 രൂപ / ച.മീ.യും കൂടിയത് 60രൂപ/ച.മീ. എന്ന നിരക്കിലും, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് (അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ) എന്നീ ഉപയോഗഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 3രൂപ /ച.മീ.യും കൂടിയത് 8 രൂപ/ച.മീ. എന്ന പരിധിക്കുള്ളിലും, ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് കുറഞ്ഞത് 150 രൂപ/ച.മീ.യും കൂടിയത് 160 രൂപ/ച.മീ. എന്ന പരിധിക്കുള്ളിലും നിശ്ചയിക്കേണ്ടതാണ്.
സ.ഉ (അ) നമ്പർ 53/2020/തസ്വഭവ. തീയതി 08/09/2020 പ്രകാരം റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് കുറഞ്ഞത് 10 രൂപ/ച.മീ.യും കൂടിയത് 25രൂപ/ച.മീ. എന്ന പരിധിക്കുള്ളിലും നിശ്ചയിക്കേണ്ടതാണ്. സഞ്ചയയിൽ സെറ്റ് ചെയ്തിട്ടുള്ള വസ്തുനികുതി അടിസ്ഥാന നിരക്കുകളുടെ പട്ടികയിൽ മേൽ ഉത്തരവുപ്രകാരമുള്ള ഉപയോഗഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് മേൽ പറഞ്ഞ പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് ഉൾപ്പെടുത്തിയിട്ടില്ല.

നിലവിലുള്ള വസ്തുനികുതി ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നീ ഉപയോഗഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ-16/11.09.23)

## 1-15 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

സാമ്പത്തിക വർഷം പുതുതായി കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകൾ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വിവിധ നമ്പറുകൾ നൽകിയപ്പോൾ ബാധകമായതിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുള്ളതായി കണ്ടു.

ഉദാഹരണത്തിന് 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി 40രൂപ / ച.മീ. എന്ന നിരക്കിലും, 100 ച.മീ.ക്ക് മുകളിലുള്ള ഇത്തരം ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 60 രൂപ / ച.മീ. എന്ന നിരക്കിലുമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാർഡ് 5, പാണഞ്ചേരി വില്ലേജ് റീസർവ്വേ നമ്പർ 196/2 ൽ രവി പി കെ, പാലക്കപറമ്പിൽ ഹൗസ്, ചുവന്നമണ്ണ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 13.47 ആർ സ്ഥലത്ത് 236 ച. മീ വിസ്തീർണ്ണത്തിൽ പണിപൂർത്തീകരിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം വിഭജിച്ച് 16B(20.5 ച.മീ). 16C(35.63ച.മീ), 16D(35.63ച.മീ), 16E(35.66ച.മീ), 16F(35.66ച.മീ), 16G(35.66ച.മീ), 16H(37.26ച.മീ) എന്നിങ്ങനെ ഷോപ്പ് ഉപയോഗക്രമത്തിൽ രവി പി കെ യുടെ പേരിൽ തന്നെ കെട്ടിടനമ്പറുകൾ നൽകി. യഥാർത്ഥത്തിൽ 236 ച. മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 100ച.മീ ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്കു നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതിയായ 60 രൂപ / ച.മീ. എന്ന നിരക്കിൽ ഈടാക്കേണ്ടതിനു പകരം 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്കു ബാധകമായ അടിസ്ഥാന വസ്തുനികുതിയായ 40 രൂപ / ച.മീ. എന്ന നിരക്കിലാണ് 2023 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചു നൽകിയിട്ടുള്ളത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 16/11.09.23) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം തെറ്റായി നികുതിനിർണ്ണയം നടത്തിയ

| |
|---|
| കെട്ടിടങ്ങൾ കണ്ടെത്തി കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കിൽ പുനർനിർണ്ണയിക്കേണ്ടതാണ്. |
| 1-16 ക്രമവത്ക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ-കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ് |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 95(3) പ്രകാരം പെർമ്മിറ്റ് കൂടാതെയുള്ള നിർമ്മാണങ്ങളും വ്യതിയാനങ്ങളും ക്രമവൽക്കരിച്ച നൽകുമ്പോൾ അനുബന്ധം G2 ലെ പോലെ ഒരു മാതൃകരജിസ്റ്ററിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തി സ്ഥിരരേഖയായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ മേൽ പറഞ്ഞ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-17/11.09.23). പെർമ്മിറ്റ് രജിസ്റ്ററിൽ തന്നെയാണ് കെട്ടിടം റഗുലറൈസ് ചെയ്യാനുള്ള അപേക്ഷ ലഭിച്ചത് ചേർത്തിട്ടുള്ളത്. സാമ്പത്തിക വർഷം 98 കെട്ടിടങ്ങളാണ് ക്രമവത്ക്കരിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളത്.

പെർമ്മിറ്റില്ലാതെ പുതുതായി നിർമ്മിച്ച/വ്യതിയാനം വരുത്തിയ കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ന്യൂനത റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് ഫയൽ പുന:സമർപ്പിക്കുന്നതിന് മടക്കിയിട്ടുണ്ട് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ/തിയതി | അപേക്ഷകന്റെ പേരും മേൽവിലാസവും | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ) | ഫയൽ മടക്കിയ തിയതി |
|---|---|---|---|---|---|
| 1 | SC3-3345/ 7.10.22 | ഗോപാലകൃഷ്ണൻ & സുരേഷ്, ശ്രീ പരമേശ്വരി ഗ്രാമ സേവ സമിതി, ഉദയപുരം കോളനി റോഡ്,പീച്ചി | സ്പെഷൽ റസിഡൻഷ്യൽ | 437.81 (Extention-34.19) | 2.11.22 |
| 2 | A3-180/ 25.0422 | ബേബി,കുരുടുകാവിൽ, പയ്യണ്ടം, പീച്ചി | ഇൻഡസ്ട്രിയൽ | 50.35 | 23.11.22 |
| 3 | SC3-3580/ 18.10.22 | ആനി, ചിറയത്ത് വീട്, പാണഞ്ചേരി | റസിഡൻഷ്യൽ | 88.43 | 2.11.22 |
| 4 | SC3-2619/ 31.08.22 | ജിതിൻ വി ആർ, വട്ടതകിടിയിൽ , നിന്നക്കുഴി, പാണ്ടിപ്പറമ്പ് | ഇൻഡസ്ട്രിയൽ | 186.73 | 12.01.23 |
| 5 | SC3-2943/ 17.09.22 | ഫാ.വി വി പൗലോസ്, വാക്കോലപുത്തൻപുരയിൽ, പട്ടിക്കാട്, ചെമ്പൂത്ര | റസിഡൻഷ്യൽ | 537.76( Extention-169.35) | 5.12.22 |
| 6 | SC3-870/23 | ശ്രീധരൻ നായർ, കോതോട്ടിൽ ഹൗസ്, വാണിയമ്പാറ | കമേഴ്സ്യൽ | 60.24 | വിവരം ഫയലിൽ ലഭ്യമല്ല |

ന്യൂനത പരിഹരിച്ച് ഫയൽ പുന:സമർപ്പിക്കാത്ത പണി പൂർത്തീകരിച്ച പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ കഴിയാത്തപക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം അനധികൃത കെട്ടിട നിർമ്മാണത്തിലുൾപ്പെടുത്തി നിയമാനുസൃത മായി നിർമ്മിച്ചിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി തുക മേൽ പറഞ്ഞ കെട്ടിടങ്ങൾക്കു നിർണ്ണയിക്കേണ്ടതും ആയതു പ്രകാരം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്..
(ഓഡിറ്റ് എൻക്വയറി നമ്പർ-7/08.09.23)

## 1-17 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം, ഒരു പഞ്ചായത്ത് പ്രദേശത്ത്, ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കറാറുകാരന്റെ പേര് |
|---|---|
| 1 | ഷിബു പി ഇ |
| 2 | ഷെജിമോൻ പി ബി |
| 3 | മജീദ് വി എം |
| 4 | ഷാജി കെ എം |
| 5 | സജിമോൻ ഐ പി |
| 6 | എൽദോ കുര്യൻ |
| 7 | പൗലോസ് കെ ഇ |
| 8 | പ്രസീദ് പി ടി |
| 9 | മണികണ്ഠൻ ടി എസ് |
| 10 | പി ഡി ജേക്കബ് |
| 11 | സെബാസ്റ്റ്യൻ ജോസഫ് |
| 12 | സുധീഷ് കെ എസ് |
| 13 | ഷാജു എ കെ |
| 14 | ഗോഗിൻ എം |
| 15 | പി വിനോദ് |
| 16 | സുരേഷ് കെ എസ് |

തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി-20/11.09.23).

## 1-18 നിയമാനുസൃത കെട്ടിടങ്ങൾക്കു നൽകുന്ന പോലെയുള്ള കെട്ടിട നമ്പർ അനധികൃത കെട്ടിടങ്ങൾക്കു നൽകി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിടനമ്പർ നൽകേണ്ടത് സാധാരണ കെട്ടിടനമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് അവ നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിടനമ്പർ രൂപപ്പെടുത്തി നൽകേണ്ടതാണ്. 2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത കെട്ടിടങ്ങൾക്ക് നൽകുന്ന പോലെ യു എ എന്നു ചേർക്കാതെ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | 9/33/C | ജോൺ കെ പി, കൊരോളിപറമ്പിൽ, ഒറവുംപാടം,ചുവന്നമണ്ണ് |
| 2 | 13/16/A | സിജോ ടി ജെ, തെക്കിനിയത്ത് വീട്, തെക്കേക്കളം, പീച്ചി |

| | | |
|---|---|---|
| 3 | 9/306/A | പ്രസന്ന ബാബു, ഉണ്ടത്തിൽ വീട്, ചുവന്നമണ്ണ് |
| 4 | 8/510/A | നൂർജഹാൻ, കുട്ടമാൽപറമ്പിൽ ഹൗസ്, കൊമ്പഴ, വാണിയമ്പാറ |
| 5 | 8/234/A | അഹമ്മദ്കുട്ടി, തെക്കേമാവുങ്കമണ്ണിൽ ഹൗസ്, മഞ്ഞവാരി, വാണിയമ്പാറ |
| 6 | 6/1/D | പൗലോസ്, പപ്പാലിൽ ഹൗസ്, പൂവ്വൻചിറ |
| 7 | 5/475/A | അന്നമ്മ ഇനാശു, പാടത്തിപറമ്പൻ ഹൗസ്, പൂവ്വൻച്ചിറ |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി -30/12.09.23) മറുപടി ലഭ്യമാക്കിയില്ല. എല്ലാ അനധികൃത കെട്ടിടങ്ങൾക്കും ചട്ടപ്രകാരമുള്ള നമ്പർ അനുവദിക്കേണ്ടതാണ്.

## 1-19 അനധികൃത ഫാമുകൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 ഉപചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ യാതൊരാളും 1-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള 100 എണ്ണത്തിൽ കൂടുതൽ പക്ഷികളെ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകാനോ പാടുള്ളതല്ല.
ഗ്രാമപഞ്ചായത്തിന്റെ വാർഡ് 1 ൽ പണികഴിച്ചിട്ടുള്ള ജിതിൻ വി ആർ, വട്ടതകിടിയിൽ വീട്, നിന്നുക്കുഴി എന്നയാളുടെ 186.73 ച.മീ വിസ്തീർണ്ണമുള്ള പൗൾട്ടി ഫാം ഷെഡ് റഗുലറൈസ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ പരിശോധന നടത്തിയതിൽ ടി കെട്ടിടത്തിലും കൂടാതെ ടി ഷെഡിനടുത്തായി അപേക്ഷകൻ ലീസിനെടുത്ത 3 ഷെഡുകളിലും പൗൾട്ടി ഫാം അനധികൃതമായി പ്രവർത്തിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അനധികൃത ഫാമുകൾക്കെതിരെ സ്വീകരിച്ച നടപടി വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നമ്പർ-18/11.09.23) മറുപടി ലഭ്യമാക്കിയില്ല.

വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകളെ കണ്ടെത്തി ആയവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കുകയോ അല്ലെങ്കിൽ 2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്ന് പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-20 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വൗച്ചർ നമ്പർ | വൗച്ചർ തുക (₹) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 121/23 | ഐ.കെ.എം. വിഹിതം നല്കൽ | 42201038/ 16.08.22-222255 42201494/07.02.23 -14343 (വികസനഫണ്ട്, ജനറൽ) | 236598 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം |

| | | | | | |
|---|---|---|---|---|---|
| 2 | 350/23 | താമരവെള്ളച്ചാൽ പട്ടിക വർഗ കോളനിയിൽ കുഴൽ കിണർ നിർമ്മാണം | 42201462/07.03.2023 -98065 42201488/08.02.2023-1935 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 100000 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, തൃശ്ശൂർ |
| 4 | 6/23 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22201283/31.3.23-14,098 22200957/06.03.2023-86,975 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 101073 | അസി .എഞ്ചിനീയർ, കെ എസ് ഇ ബി, പുത്തൂർ |

നിർവ്വഹണ ഏജൻസികളിൽ നിന്ന് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.19/11.09.2023)

## 1-21 ഭവനനിർമ്മാണം-പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ നം 131/22-23 വീട് ലൈഫ് ഭവനനിർമ്മാണം പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ രജിത മോഹൻദാസ്, കോതങ്ങലത്ത് ഹൗസ്, ചുവന്നമണ്ണ് എന്ന ഗുണഭോക്താവ് ആദ്യ ഗഡു (40000 രൂപ) ധനസഹായം കൈപ്പറ്റിയിട്ടും നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചതായി കാണുന്നില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 26 തിയ്യതി 11-09-2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 16.3.2023ന് ടിയാരിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ പ്രതികരിക്കാതിരുന്നതിനാൽ മറ്റൊരു കത്ത് കൂടി അയക്കുന്നതും പഞ്ചായത്ത് ഭരണാസമിതിയുടെ ശ്രദ്ധയിലേയ്ക്ക് കൂടി പ്രസ്തുത വിഷയം കൊണ്ടുവന്ന് പ്രവൃത്തി തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്നും വിഇ ഒ അറിയിച്ചിട്ടുണ്ട്.

നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ -പൂർത്തീകരിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ നം 116/22-23 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു (20000 രൂപ ) ധനസഹായം നല്കിയിട്ടുണ്ട്.

| ക്രമ നം | പേര് | തുക |
|---|---|---|
| 1 | ലളിത ഗോപിനാഥൻ | 20000 |
| 2 | സുനിൽകുമാർ, അമ്പാട്ടുപറമ്പിൽ | 20000 |
| 3 | ലത, കുട്ടപുരയ്ക്കൽ | 20000 |
| 4 | വേണു, ദ്രാവിഡൻ, മുത്തുസ്വാമി | 20000 |
| 5 | ഷാജി , കുതുകുളങ്ങര | 20000 |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 32 തിയ്യതി 12-09-2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ കൈപറ്റിയ തുകയും പലിശയും അടക്കം ഗ്രാമപഞ്ചായത്തിൽ തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നല്കിയിട്ടുള്ളതാണെന്നും ഈ വിവരം ഭരണസമിതിയെ ബോധ്യപ്പെടുത്തിയതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-23 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന തുക തിരികെ അടവാക്കി.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളിൽ (സ്പിൽ ഓവർ ) നിന്നം കാലി ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ മുഴുവൻ തുകയും നല്കിയതായി ഓഡിറ്റ് എൻക്വയറി നം.24/23. Dtd.11.9.23 പ്രകാരം അറിയിച്ചിരുന്നു. ആയതിന്റെ വെളിച്ചത്തിൽ കരാറുകാരിൽ നിന്നം തുക ഈടാക്കി 33984/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന്റെ പേര് | രശീത് നം, തിയതി. | തുക |
|---|---|---|
| ഷാജി.കെ.എം. | 1230300548/12.9.23. | 1966/- |
| റോയ്.കെ.എം. | 1230300547/12.9.23. | 18256/- |
| ജേക്കബ്.പി.ഡി. | 1230300545/12.9.23. | 4494/- |
| സജിമോൻ.ഐ.പി. | 1230300546/12.9.23. | 9268/- |
| ആകെ | | 33984/- |

### 1-24 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന KL-08-BY-3417 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ ഇന്ധന ഉപയോഗത്തിന്റെ സംഗ്രഹം ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ ശരിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3) വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവയിൽ അറ്റകുറ്റപണികളുടേയും, ഇന്ധനം വാങ്ങിയതിന്റേയും വിവരങ്ങൾ ശരിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന./02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-25 ഗവ.ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ-മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ -S0052/2023

ചെലവ്- 300000/

വൗച്ചർ നമ്പർ-42201266/11.11.2022

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ,ഹോമിയോ

പാണഞ്ചേരി ഗവ.ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി നടത്തിപ്പിനായി 300000രൂപ (പ്രൊഫോർമ ഇൻവോയിസ് നമ്പർ-PF 271/14.9.2022) കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി ലിമിറ്റഡിനു നൽകിയതിൽ ഇൻവോയ്സ് നമ്പർ LF -507 /10.7.23 പ്രകാരം 168217 രൂപയുടെ മരുന്ന ലഭിച്ചിട്ടുണ്ട്. ബാലൻസ് 131783 രൂപയുടെ മരുന്ന ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി നമ്പർ 12/11.9.23

### 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0134/2023 |

| | |
|---|---|
| അടങ്കൽ | 2900000 |
| ചെലവ് | 1450000/- |
| ഫണ്ടു വിവരം | ബ്ലോക്ക് വിഹിതം-200000/-<br>വൗച്ചർ നമ്പർ 42201341/1.12.2022<br>വികസനഫണ്ട്-1250000/-<br>വൗച്ചർ നമ്പർ 42201373/29.12.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മലമുക്ക്, വിലങ്ങന്നൂർ, വാണിയമ്പാറ, പാണഞ്ചേരി എന്നീ ക്ഷീരസംഘങ്ങൾ മുഖേനയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത് .

1) മേൽ പ്രോജക്ട് നടത്തിപ്പിനായി ഒരു ഗുണഭോക്താവിന് 12500 രൂപ വീതം 116 ഗുണഭോക്താക്കളുടെ വിഹിതമായി (സംസ്ഥാന വിഹിതമടക്കം) 1450000 രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് 9.1.2023 ന നൽകിയിട്ടുണ്ട്. 3/2023നാണ് പ്രോജക്ട് ആരംഭിച്ചിരിക്കുന്നത്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2) കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പാണഞ്ചേരി ക്ഷീരസംഘത്തിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ രണ്ടു മാസത്തിനു ശേഷം പ്രോജക്ടിൽ നിന്നും വിട്ടു പോയതായി കാണുന്നു

| ഗുണഭോക്താവ് | തീറ്റ കൈപ്പറ്റിയ മാസം |
|---|---|
| മോളി രാജൻ<br>അഞ്ചിൽ, കുട്ടാല | 3/2023<br>4/2023 |
| ജിജി സാമുവൽ<br>ആലുമൂട്ടിൽ | 3/2023<br>4/2023 |

മേൽ ഗുണഭോക്താക്കൾ പ്രോജക്ടിൽ നിന്നും പിൻമാറിയതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/11.9.2023 ന് മേൽ ഗുണഭോക്താക്കൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ആയതിനാലാണ് പ്രോജക്ടിൽ നിന്നും പിൻമാറിയതെന്ന് നിർവഹണഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ടിൽ നിന്നും വിട്ടു പോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ വിഹിതം തിരികെ ഈടാക്കി ആയത് സഞ്ചിതനിധിയിൽ അടവാക്കി ചലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനു നല്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | അടങ്കൽ തുക/ ഫണ്ടിനം | വൗച്ചർ നമ്പർ/ തീയതി | മരുന്ന് ലഭിക്കുന്നതിനായി സ്ഥാപനത്തിനു നൽകിയ തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | മരുന്ന് ലഭിച്ചതിന്റെ വിവരം | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 34/2023<br>ജീവിതശൈലീ രോഗങ്ങൾക്ക് മരുന്നു വാങ്ങൽ | 1250000<br>മെയിന്റനൻസ് ഫണ്ട് റോഡിതരം | 1)42201274/15.11.22<br>2)42201346/5.12.22<br>3)42201193/6.1.23<br>4)42201191/6.1.23<br>5)42201242/15.3.23 | 1227903/- | 1307/14.9.22-451162/-<br>844/1.8.22-148837/-<br>2404/19.11.22-300000/- | 927561 | 322077 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 2460/22.11.22-37904/-<br>2953/13.12.22-290000/- | | |
| 2 | 35/2023<br>ജനറൽ വിഭാഗത്തിലെ രോഗികൾക്ക് മരുന്ന വാങ്ങൽ | 800000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം | 42201273/15.11.22<br>42201254/4.11.22<br>42201481/11.2.23 | 799987/- | 1305/14.9.2022 - 400000/-<br>1921/31.10.22 -200000/-<br>3429/7.1.23 -199987/- | 502494 | 297493 |
| | 352/2023<br>അതി ദാരിദ്ര്യ പദ്ധതി-മരുന്ന വിതരണം | 100000/-<br>വികസന ഫണ്ട് ജനറൽ | 42201377/10.1.23<br>42201090/28.3.23 | 100000 | 3183/26.2.22 -35943/-<br>5309/14.3.23 -64057/- | 54591 | 45409 |
| 3 | 363/23<br>പീച്ചി ഗവ. ആശുപത്രി യിലേക്ക് മരുന്ന വാങ്ങൽ | 100000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം | 42201457/11.3.23<br>42201206/21.3.23 | 100000 | PRF2979/14.12.22-62000/-<br>PRF4836/27.2.23-38000/- | 69954 | 30046 |
| 4 | 32/2023<br>സാന്ത്വന പരിചരണ പരിപാടി | 1000000/-<br>വികസന ഫണ്ട് ജനറൽ | 42201092/28.3.23<br>42201348/5.12.22 | 717180 | PRF 2405/ 19.11.22-150000<br>PRF2406 / 19.11.22-100000<br>PRF2496/ 22.11.22-100000<br>PRF2443/ 22.11.22-250000<br>PRF5218/ 13.3.23-67180<br>PRF5216/ 13.3.23-50000 | 320363 | 396817 |

ബാക്കി മരുന്നകൾ ലഭിക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി -15/11.9.2023

## 1-28 മെഡിക്കൽഓഫീസർ പി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം സബ്സെന്റർ പൂവൻചിറ, വാണിയംപാറ, എഫ്.എച്ച്.സി പൂവൻചിറ, വാണിയംപാറ എന്നിവിടങ്ങളിലേക്ക് റീഏജന്റ്സ്, വിവിധ ഉപകരണങ്ങൾ (സ്റ്റീൽ കാബിനറ്റ്, റഫ്രിജറേറ്റർ, എക്സാമിനേഷൻ കോട്ട്) എന്നിവ വാങ്ങുന്നതാണ് പ്രോജക്ട് പ്രകാരം ഉദ്ദേശിച്ചിരുന്നത്. റഫ്രിജറേറ്റർ, എക്സാമിനേഷൻ കോട്ട് എന്നിവ വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

I)

| | |
|---|---|
| പ്രോജക്ട് | പാണഞ്ചേരി ഗ്രാമപഞ്ചായത്ത്<br>2021-22 ഹെൽത്ത് ഗ്രാന്റ് –<br>ഹെൽത്ത്ആന്റ് വെൽനെസ്സ് പ്രവർത്തനം |

| | |
|---|---|
| പ്രോജക്ട്നമ്പർ | 335/2023 |
| അടങ്കൽ | 115922/- |
| ആകെ ചെലവ് | 68296/- |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| തുക/വൗച്ചർ നമ്പർ/ തീയതി | 1)12685രൂപ- 22200882/23.2.2023<br>2)3420രൂപ- 22201264/31.3.2023<br>3)13328 രൂപ- 22201266/31.3.2023<br>4)38863രൂപ-22201265/31.3.2023 |

മേൽ പ്രോജക്ട് പ്രകാരം എക്സാമിനേഷൻ കോട്ട് (Examination Cot) വാങ്ങുന്നതിനായി വൗച്ചർ നമ്പർ 22201265/31.3.2023 പ്രകാരമുള്ള ആകെ തുക 38863 രൂപയിൽ 23863 രൂപ കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനു നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തീയതി 116/22-23/14.12.2022) എക്സാമിനേഷൻ കോട്ട് (Examination Cot) നാളിതു വരെ ലഭ്യമായിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് | പാണഞ്ചേരി ഗ്രാമപഞ്ചായത്ത് 2021-22 ഹെൽത്ത് ഗ്രാന്റ് -എഫ് .എച്ച്.സി ഉപകേന്ദ്രം – രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ -സ്കീം 3 |
| പ്രോജക്ട്നമ്പർ | SO 334 /2023 |
| അടങ്കൽ | 291892/ |
| ആകെ ചെലവ് | 106425/- |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| തുക വൗച്ചർനമ്പർ/ തീയതി | 13020രൂപ-22200880/23.2.2023<br>27605രൂപ-22200881/23.2.2023<br>14966രൂപ-22200882/23.2.2023<br>14204രൂപ-22201267/31.3.2023<br>13691രൂപ-22201269/31.3.2023<br>22939രൂപ-22201268/31.3.2023 |

മേൽ പ്രോജക്ട് പ്രകാരം റഫ്രിജറേറ്റർ വാങ്ങുന്നതിനായി വൗച്ചർ നമ്പർ 22200881/23.2.2023 പ്രകാരമുള്ള 27605 രൂപ കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനു നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നമ്പർ 66/22-23/26.10.2022). റഫ്രിജറേറ്റർ നാളിതു വരെ ലഭ്യമായിട്ടില്ല. മേൽ ഉപകരണങ്ങൾ (എക്സാമിനേഷൻ കോട്ട് (Examination Cot), റഫ്രിജറേറ്റർ) ലഭ്യമാകുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -15/11.9.2023

## 1-29 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ-172/23

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് ജനറൽ | 1600000 | 1518800 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 300000 |
| ജില്ലാ പഞ്ചായത്ത് | 300000 | 0 |

| | | |
|---|---|---|
| ആകെ | 2200000 | 1818800 |

ചെലവ് വിശദാംശം

| ക്രമനമ്പർ | വൗച്ചർ നമ്പർ /തീയതി | തുക |
|---|---|---|
| 1 | 42201333/1.12.22 | 1000000 |
| 2 | 42201334/1.12.22 | 108500 |
| 3 | 42201430/21.1.23 | 161000 (BP) |
| 4 | 42201431/21.1.23 | 139000(BP) |
| 5 | 42201433/21.1.23 | 57000 |
| 6 | 42201432/21.1.23 | 27000 |
| 7 | 42201223/17.3.23 | 34800 |
| 8 | 42201216/17.3.23 | 181000 |
| 9 | 42201214/17.3,23 | 34000 |
| 10 | 42201213/17.3.23 | 76500 |
| | ആകെ | 1818800 |

നിർവഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ കൈ) 115/2022 ത സ്വ ഭ വ. തീയതി 28.5.2022 ഖണ്ഡിക 7.16 ബി പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നത് താഴെപ്പറയും പ്രകാരമാണ്

| ക്രമനമ്പർ | ഇനം | സ്കോളർഷിപ്പ് ബത്ത |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായി വിദ്യാഭ്യാസ സാമഗ്രികൾ-വാർഷികബത്ത | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത ( പ്രതിമാസം) | 1000 |
| 5 | ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്കുള്ള ബത്ത രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ | 1000 |
| | ആകെ(12000+1500+2000+12000+1000) | 28500 |

മേൽ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് 28500 രൂപയാണ് പരമാവധി സ്കോളർഷിപ്പായി നൽകാവുന്നത്.

എന്നാൽ താഴെ പ്പറയുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ തുക നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | വൗച്ചർനമ്പർ തീയതി തുക | നൽകിയ തുക | കൂടുതൽ നൽകിയ തുക |
|---|---|---|---|---|
| 1 | അനീഷ് .കെ.എ | 42201430/21.1.23-161000<br>42201216/17.3.23-181000 | 30500 | 2000 |

| | | | | |
|---|---|---|---|---|
| 2 | സഞ്ജയ്.എം.എസ് | 42201430/21.1.23-161000<br>42201216/17.3.23-181000 | 30500 | 2000 |
| 3 | മാസ്റ്റർ കാജാ ഹുസൈൻ | 42201430/21.1.23-161000<br>42201216/17.3.23-181000 | 30500 | 2000 |
| 4 | അർജ്ജുൻ നമ്പ്യാർ | 42201430/21.1.23-161000<br>42201216/17.3.23-181000 | 30500 | 2000 |

അധികം നൽകിയ തുക വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

2. അപേക്ഷകൾ, തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ UTR എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/12.9.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 1818800 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 8/2023 |
| പ്രോജക്ട് | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി |
| അടങ്കൽ | 6600000 രൂപ |
| ചെലവ്- | 1)3184799<br>വികസനഫണ്ട് (ജനറൽ)<br>2)300000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>3)427455-ജില്ലാപഞ്ചായത്ത് വിഹിതം<br>4)96304-കേന്ദ്രാവിഷ്കൃതഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽപ്രോജക്ട പ്രകാരം ഗോൾഡ് സ്റ്റാർ, അമൃതം ഫുഡ് സപ്ലിമെന്റ്സ്, കോടശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ്, ജനനി പ്ലസ്, പോഷകാഹാരപ്പൊടി എന്നീ ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്

| ക്രമ നമ്പർ | ഉൽപ്പന്നം | ഇൻവോയ്സ് നമ്പർ/തീയതി | തുക | CGST | SGST | വൗച്ചർ നമ്പർ തീയതി |
|---|---|---|---|---|---|---|
| 1 | അമൃതം | 37/26.3.22 | 201390 | 5034.75 | 5034.75 | 42201030/ 4.7.22 |
| 2 | പോഷകപ്പൊടി | 38/26.3.22 | 71200 | 1780 | 1780 | “ |
| 3 | പോഷകപ്പൊടി | 31/24.4.22 | 65600 | 1640 | 1640 | “ |
| 4 | അമൃതം | 8/205.22 | 15435 | 3858.75 | 3858.75 | “ |
| 5 | പോഷകപ്പൊടി | 09/30.5.22 | 51600 | 1290 | 1290 | ” |
| 6 | അമൃതം | 14/24.6.22 | 15582 | 3895.5 | 3895.5 | 42201042/16.8.22 |
| 7 | പോഷകപ്പൊടി | 15/24.6.22 | 51320 | 1283 | 1283 | “ |
| 8 | അമൃതം | 20/20.9.22 | 134400 | 3360 | 3360 | “ |
| 9 | പോഷകപ്പൊടി | 21/20.7.22 | 60400 | 1510 | 1510 | “ |
| 10 | അമൃതം | 28/22.9.22 | 128100 | 3202.5 | 3202.5 | 42201393/23.12.22 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ജനനിപ്ലസ് | 29/22.9.22 | 55000 | 1375 | 1375 | " |
| 12 | ജനനിപ്ലസ് | 35/19.8.22 | 59600 | 1490 | 1490 | " |
| 13 | അമൃതം | 34/19.8.22 | 160475 | 4011.86 | 4011.86 | " |
| 14 | അമൃതം | 34/19.10.22 | 147725 | 3693 | 3693 | 42201368/22.12.22 |
| 15 | ജനനിപ്ലസ് | 35/19.10.22 | 54600 | 1365 | 1365 | " |
| 16 | ജനനിപ്ലസ് | 44/17.11.22 | 55200 | 1380 | 1380 | " |
| 17 | അമൃതം | 40/17.11.22 | 130200 | 3255 | 3255 | " |
| 18 | അമൃതം | 46/27.12.22 | 150983 | 3773.5 | 3773.5 | 42201219/17.3.23 |
| 19 | അമൃതം | 30/24.1.23 | 32090 | 3302 | 3302 | " |
| 20 | ജനനിപ്ലസ് | 47/27.12.22 | 55650 | 1325 | 1325 | 42201220/17.3.23 |
| 21 | ജനനിപ്ലസ് | 37/22.1.23 | 52400 | 1310 | 1310 | " |
| 22 | ജനനിപ്ലസ് | 39/20.2.23 | 53200 | 1330 | 1330 | " |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഗോൾഡ് സ്റ്റാർ, അമൃതം ഫുഡ് സപ്ലിമെന്റ്സ്, കോടശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ്', ജനനി പ്ലസ്', പോഷകാഹാരപ്പൊടി ' എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGSTഇനങ്ങളിൽ ടി.ഡി.എസ്. ഈടാക്കായിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. ഭാവിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിൽ ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.31/12.09.2023)

## 1-31 കോക്ലിയാർ ഇംപ്ലാന്റേഷൻ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 16 /2023 |
| പ്രോജക്ട് | കോക്ലിയാർ ഇംപ്ലാന്റേഷൻ |
| അടങ്കൽ | 100000/- |
| ചെലവ് | 70610/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| വൗച്ചർനമ്പർ /തീയതി | 42201221/17.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

സർക്കാർ ഉത്തരവ് 426/2019 തസ്വഭവ 26.2.2019 പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് 50000രൂപ നിരക്കിൽ മെയിന്റനൻസ് തുക കുട്ടികളുടെ ലിസ്റ്റ് സഹിതം സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്.(വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 5.2.19ലെ യോഗത്തിന്റ തീരുമാനം നമ്പർ 4, 46)

ആയത് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 2 ഗുണഭോക്താക്കൾക്ക് വേണ്ടി കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് തുക സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് തുക നൽകിയത് താഴെ പറയും പ്രകാരമാണ്.

1. അപർണ – 50000/-

2. ദക്ഷ – 20610/-

100000/- രൂപ അടങ്കൽ കണക്കാക്കിയിരുന്നെങ്കിലും 70610/ രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ദക്ഷ എന്ന

ഗുണഭോക്താവിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക (50000/-) നല്കിയിട്ടില്ല. മേൽ സർക്കാർ ഉത്തരവ് പ്രകാരമാണെങ്കിൽ രണ്ടു ഗുണഭോക്താക്കളുടെ വിഹിതമായി 100000/ രൂപയാണ് കൈമാറേണ്ടിയിരുന്നത്. അതിനുപകരം 70610/- രൂപയാണ് സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിരിക്കുന്നത്.

സാമൂഹ്യ സുരക്ഷാമിഷന് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-31/11.9.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-32 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല -507897 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | കുട്ടികൾക്ക് പ്രഭാതഭക്ഷണം |
| പ്രോജക്ട് നമ്പർ | 187/2023 |
| അടങ്കൽ | 1092612 രൂപ |
| ആകെ ചെലവ് | 835865 രൂപ |
| വൗച്ചർനമ്പർ/ തീയതി /തുക | 1)42201427/17.1.23- 195720 രൂപ<br>2)42201504/25.1.23-132248 രൂപ<br>3)42201084/28.3.23-301502 രൂപ<br>4)42201097/28.3.23-206395 രൂപ |
| ഫണ്ടിനം | വികസനഫണ്ട് -ജനറൽ |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |

പഞ്ചായത്ത് പരിധിയിലുള്ള ഗവ.ട്രൈബൽ സ്കൂൾ പീച്ചി , ഗവ.എൽ.പി.എസ്. പീച്ചി, ഗവ.എൽ.പി.എസ്. പട്ടിക്കാട്, ഗവ. ട്രൈബൽ സ്കൂൾ പാണഞ്ചേരി എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതാണ് പദ്ധതി. രുചി കേറ്ററിംഗ് എന്ന സ്ഥാപനം മുഖേനയാണ് ഭക്ഷണവിതരണം നടത്തുന്നത് (19.10.22ലെ 1(4) നമ്പർ കമ്മിറ്റി തീരുമാനം )

മേൽ വൗച്ചറുകൾ പ്രകാരം ആകെ 835865 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വൗച്ചർ നമ്പർ 42201084/28.3.23,42201097/28.3.23 എന്നിവ പ്രകാരം ചെലവഴിച്ച 507897 രൂപയുടെ ചെലവു രേഖകൾ, കുട്ടികളുടെ ഹാജർ, എണ്ണം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/11.9.2023 ന് മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 507897 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 സാക്ഷരതാ തുല്യതാ പദ്ധതി- പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 188/2023 |
| പ്രോജക്ട് | സാക്ഷരതാ തുല്യതാ പദ്ധതി |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 102000 |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| വൗച്ചർനമ്പർ/ തീയതി/തുക | 42201399/27.12.22<br>50000/- |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ ) നമ്പർ 115/2022ത.സ്വഭവ തീയതി 28.5.2022 ഖണ്ഡിക 7.4.5 പ്രകാരം തദ്ദേശ ഭരണ സ്ഥാപന തലത്തിലെ 4,7,10,+2 ക്ലാസ്സുകളിലേക്കുള്ള തുല്യതാ പരീക്ഷയ്ക്ക് വേണ്ടി രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ്, പാഠപുസ്തകങ്ങളുടെ വില , തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായകമായ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

മേൽ പ്രോജക്ട് പ്രകാരം സാക്ഷരതാ തുല്യതാ പദ്ധതിയ്ക്കായി പഞ്ചായത്തിൽ 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും 50000/- രൂപയിൽ 20000 രൂപ, കണ്ണൂർ ഡിസ്ട്രിക്ട് ലിറ്ററസി മിഷനും 30000 രൂപ കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനുമാണ് നൽകിയിരിക്കുന്നത് . പത്താംതരത്തിൽ പതിനാലു പേരും, ഹയർസെക്കന്ററി തലത്തിൽ പതിനഞ്ചു പേരും രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. കണ്ണൂർ ഡിസ്ട്രിക്ട് ലിറ്ററസി മിഷനും, കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനും അടവാക്കിയ തുകകൾ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് ഇവയിൽ ഏതെങ്കിലും ആണെന്നുള്ള വിവരമോ, ഒരാൾക്കായി എത്ര രൂപയാണ് അടവാക്കിയതെന്നോ എന്നുള്ള വിവരമോ ഫയലിൽ നിന്നും ലഭ്യമല്ല. കൂടാതെ പരീക്ഷ എഴുതിയതിന്റെ രേഖകൾ (ഹാൾ ടിക്കറ്റ്) ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/11.9.2023 ന് മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ബാലസഭാ പ്രവർത്തനങ്ങൾ-25800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | ബാലസഭാ പ്രവർത്തനങ്ങൾ |
| പ്രോജക്ട് നമ്പർ | 177/23 |
| അടങ്കൽ | 50000/- |
| ഫണ്ടിനം | വികസനഫണ്ട് -ജനറൽ |
| ചെലവ് | 25800 |
| വൗച്ചർനമ്പർ/തീയതി/തുക | 1)42201498/23.1.23-15000 രൂപ<br>2)42201509/31.1.23 -10800 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

ബാലസഭാ പ്രവർത്തനങ്ങളുടെ ഭാഗമായി മഴവില്ല് ബാലസഭാ കുടുംബശ്രീ 15.1.23 ന് വിനോദയാത്ര സംഘടിപ്പിച്ചതിനാണ് മേൽ ചെലവ് വന്നിരിക്കുന്നത് വണ്ടിവാടകയിനത്തിൽ 15000 രൂപയും, ഭക്ഷണത്തിനായി 10800 രൂപയും ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾ ചുവടെ പറയുന്നു.

എ)പതിനാലാം പഞ്ചവത്സര പദ്ധതി – സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ) നമ്പർ 115/2022 ത സ്വ ഭ വ തീയതി 28.5.2022 ഖ.8.4 പ്രകാരം പ്രത്യേകം അനുവദിപ്പിക്കപ്പെട്ടവ ഒഴികെയുള്ള ഉല്ലാസപഠനയാത്രകൾ, മേളകൾ ഒഴിവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി വിനോദയാത്ര നടത്തിയതിന് പ്രത്യേക അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14/11.92023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) മേൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.7.10(i) പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തുകൾ വാർഡ് 1 ന് 1000 രൂപ വച്ച് നൽകണമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23വാർഡുകൾക്കും കൂടി 23000/- രൂപ മാത്രമേ ചെലവഴിക്കാമായിരുന്നുള്ളൂ.സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 2800/-രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 25800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 199/23 |
| അടങ്കൽ | 1400000/- |
| ഫണ്ടിനം | വികസന ഫണ്ട് .എസ്.സി.പി |
| ചെലവ് | 1250000/- |
| വൗച്ചർനമ്പർ/ തീയതി/തുക | 1)42201358/9.12.22-150000 രൂപ |

| | |
|---|---|
| | 2)42201397/27.12.22-150000 രൂപ<br>3)42201398/27.12.22-50000 രൂപ<br>4)42201415/11.1.23-50000 രൂപ<br>5)42201435/17.1.23-50000 രൂപ<br>6)42201435/23.1.23-50000 രൂപ<br>7)42201491/7.2.23-150000രൂപ<br>8)42201475/13.2.2022-150000രൂപ<br>9)42201464/6.3.23-75000 രൂപ<br>10)42201443/10.3.23-75000 രൂപ<br>42201450/15.3.23-75000 രൂപ<br>12)42201140/28.3.23-225000 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ) നമ്പർ 115/2022 ത സ്വ ഭ വ തീയതി 28.5.2022 ഖ. 7.2.13 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ചതുരശ്ര അടിയിൽ അധികമാകാത്ത വീടിനോട്ടു ചേർന്ന 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ധനസഹായ തുക 2 ലക്ഷം രൂപയാണ്. 50000 രൂപ മുൻകൂറായി നൽകാം. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000 രൂപ വീതമുള്ള രണ്ടു ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്.

മേൽ പദ്ധതി പ്രകാരം 7 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിരിക്കുന്നത് .ആയതിൽ 6 പേർക്ക് രണ്ടു ലക്ഷം രൂപയും ഒരാൾക്ക് 50000 രൂപയുമാണ് നൽകിയത്.

